പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.272 — 28.01.2019 ൽ മറുപടിക്ക്

## മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മുരളി പെരുനെല്ലി | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തന സമയം വൈകുന്നേരം 6 മണി വരെയാക്കിയതുമൂലം പുതിയതായി എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തന സമയം രാവിലെ 9 മണി മുതൽ 6 മണിവരെയാക്കി സർക്കാർ ഉത്തരവായിട്ടുണ്ട്. നിലവിൽ ഇവിടെ രണ്ട് ഫാർമസിസ്റ്റ് തസ്തികകൾ ഉള്ളതിൽ ഒന്ന് ഒഴിഞ്ഞു കിടക്കുന്നതിനാലും ഒരാൾ പ്രസവാവധിയിലായതിനാലും പകരം എച്ച്.എം.സി.മുഖാന്തിരം ഒരു ഫാർമസിസ്റ്റിനെ നിയമിച്ചിട്ടുണ്ട്. ഒഴിവുള്ള ഫാർമസിസ്റ്റിന്റെ തസ്തികയിൽ പ്രമോഷൻ വഴി നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഫാർമസിസ്റ്റിന്റെ സേവനം പൂർണ്ണതോതിൽ ലഭ്യമല്ലാത്തതിനാൽ നിലവിൽ രണ്ട് മണിവരെയാണ് ഒ.പി.പ്രവർത്തിക്കുന്നത്. ഇതിനു ശേഷം ഒരു ഡോക്ടർ കാൾ ഡ്യൂട്ടി സേവനം നൽകിയും വരുന്നുണ്ട്. പ്രമോഷൻ വഴി തസ്തിക നികത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുമ്പോൾ ഒ.പി.സമയം വൈകുന്നേരം 6 മണിവരെ ദീർഘിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത ഹെൽത്ത് സെന്ററിലെ വിവിധ ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഒഴിവ് സംബന്ധിച്ച വിവരവും ഇതിൽ സ്വീകരിച്ച നടപടിയും ചുവടെ ചേർക്കുന്നു |

| ക്രമ നം. | തസ്തിക | ഒഴിവ് | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | ഫാർമസിസ്റ്റ് | 2 | 1- പ്രസവാവധി<br>1- പ്രമോഷൻ വഴി നികത്താൻ നടപടി സ്വീകരിച്ചു |
| 2 | ലാബ് ടെക്നീഷ്യൻ | 1 | പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് (ലിസ്റ്റ് നിലവിലില്ല) |
| 3 | പാർട്ട് ടൈം സ്വീപ്പർ | | പി.റ്റി.എസ്. ഇന്റർവ്യൂ കഴിഞ്ഞിട്ടുണ്ട്. നിയമനം ഉടൻ നടക്കും. |

സെക്ഷൻ ഓഫീസർ